പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 3573 | 20/06/2018 ൽ മറുപടി<br>നല്കേണ്ടത്. |

**തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ നവീകരണ പ്രവർത്തനങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. വി. എസ്. ശിവകുമാർ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ പേവാർഡ് മുറിയുടെ ചുവര് ഇളകി വീണതായ വാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) | ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) | ലാപ്രോ പോസ്റ്റ് ഓപ്പറേറ്റീവ് വാർഡിലെ ചുവരിലെ പ്ലാസ്റ്ററിംഗിന്റെ അൽപ ഭാഗം ഇളകിവീണ ഉടനെ ടി വിവരം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിക്കുകയും പ്രസ്തുത വകുപ്പ് അറ്റകുറ്റപ്പണികൾ ചെയ്തുവരികയുമാണ്. |
| സി) | രോഗികളുടെ ആശങ്ക ദൂരീകരിക്കാൻ മുഴുവൻ കെട്ടിടങ്ങളുടെയും നവീകരണ പ്രവർത്തനങ്ങൾ ആവശ്യമുണ്ടെങ്കിൽ അത് നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| ഡി) | ആശുപത്രിയിൽ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോഴാണ് ആരംഭിച്ചത്; നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; എന്നത്തേക്ക് പണി പൂർത്തിയാക്കുമെന്ന് വിശദമാക്കുമോ? | ഡി) | തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന എം. സി. എച്ച് ബ്ലോക്ക് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 21/12/2015 ലാണ് ആരംഭിച്ചത്. നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ